**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 346 — 10.12.2012-ൽ മറുപടിയ്ക്ക്

## സി.ബി.ഐ. അന്വേഷണത്തിന് സർക്കാർ പുറപ്പെടുവിച്ച ഗസറ്റ് വിജ്ഞാപനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സി.ബി.ഐ. അന്വേഷണത്തിന് സർക്കാർ പുറപ്പെടുവിച്ച ഗസറ്റ് വിജ്ഞാപനം കേന്ദ്ര സർക്കാരിന്റെ പേഴ്സണൽ മന്ത്രാലയത്തിന് യഥാസമയം അയച്ചുകൊടുക്കാതെ കുറ്റം ആരോപിക്കപ്പെട്ടയാളുമായി ആഭ്യന്തര വകുപ്പുമന്ത്രി ഒത്തുകളിച്ചതായി പരാതിപ്പെട്ടുകൊണ്ടുള്ള ജോമോൻ പുത്തൻ പുരയ്ക്കലിന്റെ ഹർജി കോട്ടയം സ്പെഷ്യൽ വിജിലൻസ് കോടതി ഫയലിൽ സ്വീകരിച്ചിട്ടുള്ളതായി അറിയാമോ; | (എ) ഇത് സംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ട് ശ്രീ. ജോമോൻ പുത്തൻ പുരയ്ക്കൽ Crl. MP No. 1200/ 2012 ആയി ഫയൽ ചെയ്ത പരാതി 22.11.2012 തീയതിയിലെ ഉത്തരവിലൂടെ ബഹു. കോടതി തള്ളിക്കളയുകയുണ്ടായി. |
| (ബി) ഇത് സംബന്ധമായി അന്വേഷിക്കാൻ കോടതി ഉത്തരവായിട്ടുണ്ടോ; അന്വേഷണം നടത്തുന്ന ഏജൻസി ആഭ്യന്തര വകുപ്പ് മന്ത്രിയുടെ അഡ്മിനിസ്ട്രേറ്റീവ് കൺട്രോളിലാണോ; | (ബി) ചോദ്യം ഉദിക്കുന്നില്ല. |
| (സി) അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് | (സി) ബാധകമല്ല. |
| (ഡി) കേന്ദ്ര പേഴ്സണൽ മന്ത്രാലയത്തിന് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഗസറ്റ് നോട്ടിഫിക്കേഷൻ അയച്ചുകൊടുത്തത് എന്നായിരുന്നു; ഗസറ്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച തീയതി എന്നായിരുന്നു; നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ എത്ര ദിവസത്തെ കാലതാമസം വരുത്തുകയുണ്ടായി ? | (ഡി) സി.ബി. ഐ അന്വേഷണം നടത്തുന്നത് സംബന്ധിച്ച് 22.2.2012 ന് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനം സുപ്രീം കോടതിയുടെ സ്റ്റേ ഉത്തരവ് വന്നതിനാൽ കേന്ദ്ര സർക്കാരിന് അയച്ചു കൊടുത്തിട്ടില്ല. നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ കാലതാമസം ഉണ്ടായിട്ടില്ല. ഇക്കാര്യങ്ങളെല്ലാം കോട്ടയം വിജിലൻസ് കോടതി പരിശോധിച്ച് തള്ളിക്കളഞ്ഞിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ